# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.707

27.04.2017-ൽ മറുപടിയ്ക്ക്

## വനമേഖലയിലെ കാലാവസ്ഥ വ്യതിയാനം

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. പി.ഉബൈദുള്ള** | | **അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്തെ വനമേഖലയിൽ കാലാവസ്ഥ വ്യതിയാനംമൂലം ഈറ്റകൾ പോലുള്ള സസ്യങ്ങൾ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തെ വനമേഖലയിൽ ചിലയിടങ്ങളിൽ ഈറ്റക്കാടുകൾ സ്വാഭാവികമായി പൂത്തു നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവസ്ഥവ്യതിയാനംമൂലം നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) ഐക്യരാഷ്ട്രസഭ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച "ത്രെറ്റന്റ് ടാസ്ക്" എന്ന റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് സൂചന നൽകിയിരുന്നോ; പകർപ്പ് ലഭ്യമാക്കാമോ; | (ബി) | 'ത്രെറ്റന്റ് ടാസ്ക്' എന്ന റിപ്പോർട്ട് വനം വകുപ്പിൽ ലഭ്യമല്ല. |
| (സി) വനം വകുപ്പ് വർഷാവർഷം ഈറ്റക്കാടുകൾ നട്ടുവളർത്തുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്ന പദ്ധതി പൂർണമായും നിർത്താൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ; | (സി) | വനം വകുപ്പ് വർഷാവർഷം ഈറ്റക്കാടുകൾ നട്ടുവളർത്തുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്ന പദ്ധതി നിർത്തലാക്കിയിട്ടില്ല. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ കേരള വനവൽക്കരണ പരിപാടിയിലും മറ്റു പരിപാടികളിലുമായി നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വെച്ചു പിടിപ്പിച്ച ഈറ, മുള തുടങ്ങിയ തോട്ടങ്ങൾ വനം വകുപ്പ് പരിപാലിച്ചു വരുന്നു. |

സ്വാഭാവിക ഈറ്റക്കാടുകളെ കാട്ടുതീയിൽ നിന്നും സംരക്ഷിക്കുന്ന പരിപാടിയും നടപ്പാക്കുന്നുണ്ട്. വനംസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ഈറ്റത്തോട്ടങ്ങൾ പുതുതായി വെച്ചു പിടിപ്പിക്കുന്നുണ്ട്.

| | | |
|---|---|---|
| (ഡി) ഇത്തരം ഈറ്റകളുടെ നാശംമൂലം വന്യജീവികൾ ആഹാരം തേടി നാട്ടിലിറങ്ങുന്ന സ്ഥിതി വിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | വനത്തിനുള്ളിൽ തീറ്റയുടെയും വെള്ളത്തിന്റെയും ലഭ്യത കുറയുമ്പോൾ വന്യജീവികൾ ആഹാരം തേടി നാട്ടിലിറങ്ങുന്ന സ്ഥിതി വിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഇത് ഈറ്റക്കാടുകളുടെ നാശംമൂലം മാത്രമല്ല. വന്യജീവികൾ ആഹാരം തേടി നാട്ടിലിറങ്ങുന്ന സ്ഥിതി വിശേഷം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക, സ്വാഭാവിക ഈറ്റക്കാടുകളുടെ സംരക്ഷണം, ഈറ്റ വെച്ചു പിടിപ്പിക്കൽ, മുൻകാലങ്ങളിൽ വെച്ചു പിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണം, ജല ലഭ്യതയ്ക്കായി ചെക്കു ഡാമുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ